LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-4-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1079/15/ത.സ്വ.ഭ.വ. പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് നിയോഗിച്ച സമിതി സർപ്പിച്ച കരട് നിർദ്ദേശം ഭേദഗതികളോടെ സർക്കാർ അംഗീകരിച്ചിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനുവേണ്ടി 29-6-2015-ലെ 35526/ഇഎം. 3/2014/ത.സ്വ.ഭ.വ. പ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

ഇതുപ്രകാരം കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കല്ല്യാശ്ശേരി, തളിപ്പറമ്പ്, ഇരിക്കൂർ, ആലക്കോട്, കണ്ണൂർ, എടക്കാട്, തലശ്ശേരി, കൂത്തുപറമ്പ്, മട്ടന്നൂർ, പേരാവൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളാണുള്ളത്.

ആലക്കോട്, മട്ടന്നൂർ ബ്ലോക്ക് പഞ്ചായത്തുകളാണ് പുതുതായി ഉണ്ടാക്കുന്നത്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ആസ്ഥാനമാക്കി ആലക്കോട് ബ്ലോക്കും മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മട്ടന്നൂർ നഗരസഭയും നിലവിലുണ്ടായിരുന്ന പഴയ മട്ടന്നൂർ ബ്ലോക്കിന്റെ ആസ്ഥാനം കേന്ദ്രീകരിച്ച് ഇരിട്ടി ബ്ലോക്കിന് പകരമായി മട്ടന്നൂർ ബ്ലോക്കും പുതുതായി രൂപീകരിക്കാനാണുദ്ദേശിക്കുന്നത്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്ന ചെറുതാഴം, ഏഴോം, കല്ല്യാശ്ശേരി, മാടായി, ചെറുകുന്ന്, മാട്ടൂൽ,, കണ്ണപുരം, കുഞ്ഞിമംഗലം, പട്ടുവം, കടന്നപ്പള്ളി-പാണപ്പുഴ എന്നീ പഞ്ചായത്തുകളെയാണ് കല്ല്യാശ്ശേരി ബ്ലോക്കിൽ പുതുതായി ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.

മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

21 (4056) ശ്രീ. ആർ രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആരോഗ്യവകുപ്പ് തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2015-16-ൽ നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തിക്കായി ആരോഗ്യ വകുപ്പ് 33 കോടി രൂപ നബാർഡിൽനിന്നും ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയത് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾ

22 (4057) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി-ഡിറ്റ് എത്ര കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തുവെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിലും ഓഫീസ് സജ്ജീകരണത്തിനുമായി എത്ര തുക വിനിയോഗിച്ചുവെന്നും പ്രസ്തുത തുകയുടെ ഉറവിടം ഏതാണെന്നും ഇനങ്ങൾ തിരിച്ചു വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റ് രണ്ട് കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ചെലവായ തുക താഴെക്കൊടുക്കുന്നു :

1. ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ ചിറക്കുളം റോഡിൽ റ്റി.സി. 82/2444 കെട്ടിടത്തിലേക്ക് മാറ്റിയ വകയിൽ ചെലവായ തുക.

ഫർണിച്ചർ, ഫിറ്റിംഗ്സ് ഇളക്കി മാറ്റി പുതിയ രണ്ട് കെട്ടിടത്തിലേക്ക് കൊണ്ടുപോയി ഫിറ്റ് ചെയ്ത വകയിൽ ചെലവായത്	2,65,000 രൂപ
മറ്റ് സാധനങ്ങൾ മാറ്റിയ വകയിൽ ചെലവായത്	2,19,409 "
നെറ്റ്വർക്കിംഗ് ചെയ്ത വകയിൽ ചെലവായത്	72,560 "
യു.പി.എസ്. വയറിംഗിനായി ചെലവായത്	1,39,088 "
ആകെ	6,96,057 "
മാസവാടക (3000 ചതുരശ്ര അടിക്ക് 18 രൂപ നിരക്കിൽ)	54,000 "

LIBRARY ARCHIVES Kerala Legislative Assembly